# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 3**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## നാം ദൈവിക പദ്ധതിയുടെ പങ്കാളികൾ

'നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി' (ജറ 29:11). ബാബിലോൺ വിപ്രവാസകാലത്തു ഇസ്രായേൽ തങ്ങളുടെ ജീവിതാവസ്ഥയെക്കുറിച്ചു പരിതപിച്ചപ്പോൾ ജറമിയ പ്രവാചകനിലൂടെ ദൈവം നൽകിയ ഈ തിരുവചനം ജീവിതവഴിയിൽ എത്രയോ തവണ നമുക്ക് ആശ്വാസവും പ്രത്യാശയും പകർന്നിട്ടുണ്ട്! ദൈവത്തിനു നമ്മെക്കുറിച്ചുള്ള പദ്ധതിയിൽ വിശ്വസിക്കുകയും അത് നിറവേറാൻ സ്വയം സമർപ്പിക്കുകയും ചെയ്യുമ്പോൾ ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചു നമുക്ക് വ്യക്തത ഉണ്ടാവുകയും മുമ്പോട്ടു പോകുവാൻ നമുക്ക് ശക്തി ലഭിക്കുകയും ചെയ്യും.

നമ്മുടെ രൂപതയുടെ അടുത്ത അഞ്ചു വർഷത്തേക്കുള്ള അജപാലന പദ്ധതിയെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം വിചിന്തനം ചെയ്യാൻ മിഡ് വെയിൽസിലെ കെഫൻലി പാർക്കിൽ വൈദികരും സമർപ്പിതരും അല്മായ പ്രതിനിധികളും ഒരുമിച്ചു ചേർന്നത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഈ എപ്പാർക്കിയൽ സമ്മേളനത്തിന്റെ പശ്ചാത്തലത്തിലാണ് സജീവ ശിലകൾ (Living Stones) എന്ന് പേരിട്ടിരിക്കുന്ന അജപാലന പദ്ധതി പരിചയപ്പെടുത്തിക്കൊണ്ടുള്ള ഈ ഇടയലേഖനം ഞാൻ നിങ്ങൾക്ക് എഴുതുന്നത്. ഒരു വ്യക്തിസഭയുടെ സ്വഭാവ സവിശേഷത നിർണ്ണയിക്കുന്ന ഘടകങ്ങളാണ് ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ശിക്ഷണക്രമം എന്നിവ. ഇവയെക്കുറിച്ചുള്ള പഠനവും, സഭാ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ചർച്ചകളും എപ്പാർക്കിയൽ സമ്മേളനത്തെ സജീവമാക്കി. നമ്മുടെ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ വലിയ സാഹോദര്യത്തോടും വിശ്വാസതീക്ഷണയോടും കൂടെ പഠനത്തിലും പ്രാർത്ഥനയിലും പങ്കുചേർന്നു. ഈ ദിവസങ്ങളിൽ നമ്മുടെ രൂപതാകുടുംബത്തിന്റെ ഭാവിയെക്കുറിച്ചു ആത്മാർത്ഥതയോടും തീക്ഷണതയോടും കൂടി പര്യാലോചിച്ചതു എല്ലാവർക്കും അതീവ ഹൃദ്യമായ അനുഭവമായി.

രക്ഷാകര ചരിത്രത്തിലേക്ക് നാം കണ്ണോടിച്ചാൽ ഘട്ടം ഘട്ടമായിട്ടാണ് ദൈവിക പദ്ധതി നിറവേറുന്നതെന്നു നമുക്ക് കാണാനാവും. പ്രപഞ്ചസൃഷ്ടിയുടെ മഹാത്ഭുതങ്ങളിലൂടെ, അബ്രാഹത്തിന്റെ വിളിയിലൂടെ, മോശയുടെ തെരഞ്ഞെടുപ്പിലൂടെ, പുറപ്പാടനുഭവത്തിലൂടെ, പ്രവാചകന്മാരിലൂടെ, കാലത്തിന്റെ തികവിൽ നസ്രത്തിലെ പരിശുദ്ധ കന്യകാ മറിയത്തിലൂടെ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോ മിശിഹായുടെ പെസഹാ രഹസ്യങ്ങളിലൂടെ, അവിടുത്തെ ശരീരമായ തിരുസഭയുടെ യുഗാന്ത്യം വരെയുള്ള സാക്ഷ്യത്തിലൂടെയെല്ലാം അനുസ്യൂതം വെളിവാകുന്ന രക്ഷാകരപദ്ധതിയിൽ പങ്കാളികളാകുവാനാണ് ദൈവം നമ്മെ ക്ഷണിക്കുന്നത്.

നാം ദൈവിക പദ്ധതിയുടെ സാക്ഷികൾ മാത്രമല്ല, പങ്കാളികൾ കൂടിയാണ്. ഈ സത്യം ജീവിതത്തെ ദൈവികമായ ഉത്തരവാദിത്വം നിറഞ്ഞതായിക്കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദൈവിക സ്വരത്തോട് ആമേൻ പറഞ്ഞ അമലോത്ഭവ മറിയത്തെപ്പോലെ ദൈവിക പദ്ധതിക്ക് സമ്മതം കൊടുക്കുവാൻ നമുക്കും കഴിയണം. അതിനെതിരായ പ്രലോഭനങ്ങളെ ഈശോ അതിജീവിച്ചതുപോലെ നമുക്കും അതിജീവിക്കാൻ കഴിയട്ടെ.

നമുക്ക് പരിചിതമായ ഒരു കുടുംബമാതൃകയിൽ (Family Model) യിൽ സംവിധാനം ചെയ്തിരിക്കുന്ന പഞ്ചവത്സര അജപാലന പദ്ധതിയുടെ ആദ്യവർഷം നാം ഊന്നൽ കൊടുക്കുന്നത് കുട്ടികളുടെ വിശ്വാസപരിശീലനത്തിനാണ്. തുടർന്നുള്ള വർഷങ്ങളിൽ യഥാക്രമം യുവജനങ്ങൾ, ദമ്പതികൾ, കുടുംബകൂട്ടായ്മകൾ, ഇടവകകൾ എന്നിവയ്ക്കായിരിക്കും നാം ഊന്നൽ കൊടുക്കുക. വിവിധ കമ്മീഷനുകളുടെ നേതൃത്വത്തിൽ ഓരോ വർഷത്തിലും പൂർത്തിയാകേണ്ട കർമ്മപരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ മാർഗരേഖ ഉടനെ തന്നെ ലഭ്യമാക്കുന്നതാണ്. ഈ അജപാലന പദ്ധതിയുടെ പൂർത്തീകരണവും ഫലപ്രാപ്തിയും നമ്മുടെ ബുദ്ധിവൈഭവത്തേയോ കർമ്മശേഷിയേയോ ആശ്രയിച്ചാണെന്നു കരുതാൻ പാടില്ല. 'മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ' (സുഭാ 16:1) എന്ന സുഭാഷിതവും, 'കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥം. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം' (സങ്കീ 127:1) എന്ന സങ്കീർത്തകന്റെ ഓർമ്മപ്പെടുത്തലും നമുക്ക് മാർഗ്ഗദീപമാകണം. 'നീ ആരാണെന്ന് അറിയണമെങ്കിൽ നീ എന്തു ചെയ്തുവെന്നല്ല നോക്കേണ്ടത് മറിച്ച് നിന്നെ സൃഷ്ടിച്ചപ്പോൾ ദൈവത്തിനുണ്ടായിരുന്ന പദ്ധതിയിലേക്കാണ് നീ നോക്കേണ്ടത്' എന്ന താപസശ്രേഷ്ഠനായ വിശുദ്ധ എവാഗ്രിയൂസിന്റെ പ്രബോധനം നമുക്കനുദിന ധ്യാനവിഷയമാക്കാം.

ഈ അജപാലന പദ്ധതി 2017 മംഗളവാർത്താക്കാലം മുതൽ 2022 പള്ളിക്കൂദാശക്കാലം വരെയുള്ള അഞ്ച് ആരാധനക്രമ വർഷങ്ങളിലൂടെയാണ് പൂർത്തിയാകുന്നത്. മനുഷ്യരക്ഷയ്ക്കായുള്ള ദൈവിക പദ്ധതിയെ നാം 'സ്മരിക്കുകയും, സ്തുതിക്കുകയും, അനുഷ്ഠിക്കുകയും' ചെയ്യുന്നത് ആരാധനക്രമവർഷത്തിലൂടെയാണല്ലോ. ദൈവത്തിന്റെ പദ്ധതിയുടെ വെളിച്ചത്തിൽ നമ്മുടെ പദ്ധതികളെയും, ദൈവത്തിന്റെ സമയത്തിൽ നമ്മുടെ സമയത്തെയും മനസ്സിലാക്കാൻ ആരാധനക്രമ വർഷാചരണങ്ങൾ നമ്മെ സഹായിക്കും.

സഭയുടെയും സമൂഹത്തിന്റെയും ഭാവി കുഞ്ഞുങ്ങളിലാണ്. അവരുടെ വിശ്വാസപരിശീലനത്തിൽ തുടങ്ങി പ്രേഷിതസജ്ജമായ ഇടവകയിലെത്തി നിൽക്കുന്ന നമ്മുടെ രൂപതയുടെ ഈ അജപാലനപദ്ധതിയുടെ വിജയത്തിന് എല്ലാ വൈദികരുടെയും സമർപ്പിതരുടെയും വിശ്വാസികൾ ഏവരുടെയും പ്രാർത്ഥനാസഹായവും ആത്മാർത്ഥമായ പരിശ്രമങ്ങളും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മംഗളവാർത്താക്കാലത്തോടെയാണല്ലോ ആരാധനക്രമവത്സരം ആരംഭിക്കുന്നത്. ശിശുക്കളെപ്പോലെ സുവിശേഷം സ്വീകരിക്കുവാൻ മംഗളവാർത്താക്കാലം നമ്മെ ക്ഷണിക്കുന്നു. ദൈവം ഒരു ശിശുവായി സ്വയം താഴ്ന്നു ഭൂമിയിൽ അവതരിച്ചപ്പോൾ പരിശുദ്ധ ദൈവമാതാവും യൗസേപ്പിതാവും എലീശ്വായും ആട്ടിടയരും ജ്ഞാനികളും ശിമയോനും അന്നായും ശിശുതുല്യമായ വിനയത്തിലും തുറവിയിലും അവിടുത്തെ സ്വീകരിച്ചു. ദിവ്യശിശുവിന്റെ തിരുമുഖത്തെ ധ്യാനിച്ചുകൊണ്ട് നമ്മുടെ സമൂഹത്തിന്റെ ഭാവിവാഗ്ദാനങ്ങളായ കുട്ടികളുടെ വിശ്വാസപരിശീലനത്തിനു പുതിയ പരിശ്രമങ്ങൾ നമുക്കാരംഭിക്കാം. ഇരുപത്തഞ്ച് നോമ്പിന്റെ ഈ നാളുകൾ വലിയ ആത്മീയ ഉണർവിന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നമ്മുടെ സഭയുടെ പാരമ്പര്യവും നമ്മുടെ കുടുംബങ്ങളുടെ അനുകരണീയമായ മാതൃകയുമനുസരിച്ച് നോമ്പിന്റെ ചൈതന്യം അഭംഗുരം പാലിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ത്യാഗപ്രവൃ

ത്തികൾ ചെയ്യാൻ പ്രോത്സാഹിപ്പിച്ചുകൊണ്ടു കുഞ്ഞുങ്ങളെ തിരുപ്പിറവിയുടെ സന്തോഷത്തിലേക്കു നമുക്കൊരുക്കാം.

ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ യുവജന മതബോധനഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇങ്ങനെ പറഞ്ഞു. 'നിങ്ങൾ എന്താണ് വിശ്വസിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. വ്യക്തതയോടും കൃത്യതയോടും കൂടി നിങ്ങൾ അത് അറിയണം. നിങ്ങളുടെ മാതാപിതാക്കളുടെ തലമുറയേക്കാളും ആഴത്തിൽ നിങ്ങൾ വിശ്വാസത്തിൽ വേരൂന്നണം. അതുവഴി ഈ കാലത്തിന്റെ വെല്ലുവിളികളെയും പ്രലോഭനങ്ങളെയും കരുത്തോടും ദൃഢനിശ്ചയത്തോടുംകൂടെ അതിജീവിക്കുവാൻ നിങ്ങൾക്കു കഴിയും'. ഇടവക സമൂഹം മുഴുവൻ പങ്കുചേരുന്ന ശുശ്രൂഷയാണ് വിശ്വാസപരിശീലനം. തിരുസഭയുടെ ആത്യന്തികമായ ദൗത്യവുമാണത്.

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന മാർഗ്ഗരേഖയായ 'വിളിയും പ്രത്യുത്തരവും' വിശ്വാസപരിശീലനത്തിന്റെ മൂന്നു തലങ്ങളെക്കുറിച്ചു നമ്മെ പഠിപ്പിക്കുന്നുണ്ട്: ആഘോഷങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis through Celebration), ആചാരങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis through Instruction), പ്രായോഗികപ്രവർത്തനങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം (Catechesis through Apprenticeship). വചനപ്രഘോഷണത്തിലൂടെയും, കൂദാശകളുടെ പരികർമ്മത്തിലൂടെയും പ്രത്യേകിച്ച് വിശുദ്ധ കുർബാനയുടെ ആഘോഷത്തിലൂടെയും വിശ്വാസം പ്രഘോഷിക്കപ്പെടുകയും പുതിയ തലമുറകളിലേക്കു പകരുകയും ചെയ്യുന്നു. ഇതിനു പുറമേ ഔപചാരികമായ വിശ്വാസാദ്ധ്യാപനത്തിലൂടെ ബോധ്യങ്ങളിലേക്കും കുഞ്ഞുങ്ങൾ കടന്നു വരുന്നു. ഈ വിശ്വാസബോധ്യങ്ങളും അനുഭവങ്ങളും പ്രയോഗികതയിലെത്തിക്കുവാൻ ഇടവകയിലെ വിവിധ ശുശ്രൂഷകളും ഭക്ത സംഘടകളും കുഞ്ഞുങ്ങളെ സഹായിക്കുന്നു.

എപ്പാർക്കിയൽ സമ്മേളനത്തിലെ ചർച്ചകളുടെയും ക്രിയാത്മക നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ഈ വർഷം നാം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്.

1. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിശ്വസപരിശീലനത്തിന്റെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി വിശ്വാസപരിശീലനസർവ്വേയുടെ രണ്ടാം ഘട്ടം മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കുക.

2. മതാധ്യാപകരുടെ പരിശീലനത്തിന്റെ ആദ്യ ഘട്ടം റീജണൽ തലത്തിൽ ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കുക.

3. മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാകത്തക്ക വിധത്തിൽ വിശ്വാസപരിശീലന പാഠപുസ്തകങ്ങൾ നവീകരിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിക്കുക. ഇതിലേക്കായി ഭാഷാവിദഗ്ധരെയും വിദ്യാഭ്യാസവിദഗ്ധരെയും കൂടെ ഉൾപ്പെടുത്തിയ ഒരു ടീം രൂപീകരിക്കുക.

4. ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ പ്രത്യേക സാഹചര്യങ്ങൾ ഉൾകൊള്ളുന്ന ഉപപാഠപുസ്തകങ്ങൾ രൂപപ്പെടുത്തുക.

5. വിശ്വാസപരിശീലനത്തിന്റെ റീജണൽ കൗൺസിലുകളുടെ രൂപീകരണം പൂർത്തിയാക്കുകയും അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യുക.

വിശ്വാസത്തിന്റെ അധിനാഥനും അഭയവുമായ ഈശോ മിശിഹാ എന്ന സജീവ ശിലയിൽ ആശ്രയിച്ചുകൊണ്ട് ഇക്കാര്യങ്ങൾ നമുക്ക് പ്രാവർത്തികമാക്കാം. നമ്മുടെ ഇടവകകളിലും വിശുദ്ധ കുർബാന സെന്ററുകളിലും മംഗളവാർത്ത ഒന്നാം ഞായറായ 2017 ഡിസംബർ മൂന്നാം തീയതി (അത് സാധിക്കുന്നില്ലെങ്കിൽ ആരാധനാക്രമവത്സരത്തിലെ ആദ്യത്തെ വിശുദ്ധ കുർബാനയിൽ) തിരി തെളിച്ചു പ്രത്യേകമായ പ്രാർത്ഥനയോടെ പഞ്ചവത്സര അജപാലന പദ്ധതിയും കുട്ടികളുടെ

വർഷവും ഉദ്ഘാടനം ചെയ്യേണ്ടതാണ്. 'ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു' (റോമാ 8:28) എന്ന വചനത്തിൽ നമുക്ക് ഹൃദയം അർപ്പിക്കാം. 'കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച ഭാഗ്യവതിയായ അമ്മ' (ലൂക്കാ 1:45) നമുക്ക് വഴികാട്ടിയാകട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 25/11/2017

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സെന്ററുകളിലും 2017 ഡിസംബർ 3 ന് മുമ്പ് (അത് സാധിക്കുന്നില്ലെങ്കിൽ ആരാധനാക്രമവത്സരത്തിലെ ആദ്യത്തെ വിശുദ്ധ കുർബാനയിൽ) വായിക്കേണ്ടതാണ്.